LIBRARY ARCHIVES Kerala Legislative Assembly

പെരളം-കല്ലൻചിറ പാലം നിർമ്മാണം

33 (1466) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കരിവെള്ളൂർ - പെരളം പഞ്ചായത്തിലെ പെരളം - കല്ലൻചിറ പാലം നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) നടപടികൾ പൂർത്തീകരിച്ച് പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ പെരളം-കല്ലൻചിറ പാലം നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പാലത്തിന്റെ പണി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ലഭ്യമായ തുക

34 (1467) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതമായി കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ഈ വർഷം എത്ര തുകയാണ് ലഭ്യമായത് ;

(ബി) കഴിഞ്ഞ വർഷം ലഭിച്ച തുക എത്രയാണ് ;

(സി) ഈ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് എന്തൊക്കെ പ്രവൃത്തികളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതമായി കേന്ദ്രസർക്കാരിൽ നിന്നും നടപ്പുവർഷം, നാളിതുവരെ, 73948.46 ലക്ഷം രൂപ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന് കഴിഞ്ഞ വർഷം (2013-14) കേന്ദ്രസർക്കാർ വിഹിതമായ 127710.9 ലക്ഷം രൂപയുൾപ്പെടെ 138105.32 ലക്ഷം രൂപ ആകെ ലഭ്യമായിരുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരമുള്ള റോഡുകളുടെ ഭരണാനുമതി

35 (1468) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കൊല്ലം മണ്ഡലത്തിൽ ചിറ്റുമല ബ്ലോക്കിന്റെ പരിധിയിൽ വരുന്ന തുക്കടവൂർ, തുക്കുവ, പനയം എന്നീ ഗ്രാമപഞ്ചായത്തുകളിൽ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റോഡുകളുടെ പേരും അനുവദിച്ച തുകയും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള റോഡുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കൊല്ലം മണ്ഡലത്തിൽ ചിറ്റുമല ബ്ലോക്കിന്റെ പരിധിയിൽ വരുന്ന ഒരു റോഡിനും ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) പി.എം.ജി.എസ്.വൈ. രണ്ടിന്റെ ഭാഗമായുള്ള ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ഇതിന് അംഗീകാരം ലഭ്യമായതിനുശേഷം മാത്രമേ പി.എം.ജി.എസ്.വൈ. രണ്ടിൽ പുതുതായി റോഡുകൾ തെരഞ്ഞെടുക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly